LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രോണിക് മീറ്റർ വാങ്ങിയതിന്റെ എണ്ണം

123 [126] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഇലക്ട്രോണിക് മീറ്റർ വാങ്ങിയിട്ടുള്ളതെന്ന് പറയാമോ;

(ബി) വിവിധ സ്ഥാപനങ്ങളിൽനിന്നും മൊത്തം എന്തു തുകയുടെ മീറ്ററുകളാണ് വാങ്ങിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട്; എത്രയെണ്ണം ഇനിയും സ്ഥാപിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 116.64 കോടി രൂപ.

(സി) 19,09,646 മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. 933,604 എണ്ണം സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

മഴവെള്ള സംഭരണവും ഉപഭോഗവും

124 [127] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണത്തിനും, ഉപഭോഗത്തിനും സാധാരണ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(ബി) മഴവെള്ള സംഭരണത്തിനും അത് നടപ്പിലാക്കുന്നതിനും സൗജന്യ പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ച് ത്രിതല പഞ്ചായത്തുകൾവഴി ഗ്രാമീണ ജനങ്ങളിൽ എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) മഴവെള്ള സംഭരണവും ഉപഭോഗവും സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(സി) കേന്ദ്ര സർക്കാരിന്റെ ശുപാർശ പ്രകാരം, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ട് 12-1-2004 മുതൽ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും വിനിയോഗവും

125 [128] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2003-2004 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ പദ്ധതിവിഹിതം എത്ര കോടി രൂപയാണ്;

(ബി) ഈ തുകയിൽ എന്തു തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കാതിരിക്കാൻ കാരണം അറിയിക്കാമോ;

(ഡി) 2003-2004-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ അടങ്കൽ തുക വെട്ടിക്കുറച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2003-2004 സാമ്പത്തിക വർഷം പദ്ധതിവിഹിതമായി 1,317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുള്ള 1,317 കോടി രൂപയിൽ 1,119.45 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതു കൂടാതെ 335 കോടി രൂപ അധികമായി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിവിഹിതം വെട്ടിക്കുറച്ചതിന് ആനുപാതികമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിലും കുറവ് വരുത്തി.

(ഡി) ഉണ്ട്.

(ഇ) വാർഷിക പദ്ധതിയിൽ അടങ്കൽ തുകയിൽ കുറവ് വരുത്തിയതിന് ആനുപാതികമായി തുക വെട്ടിക്കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly